# മയിൽപ്പീലി



# Little kites digital magazine
# 2019-20

# മുഖമൊഴി

വിജ്ഞാനം കരസ്ഥമാക്കുക എന്നത് ഒരു വിദ്യാർത്ഥിയുടെ മഹത്തായ ലക്ഷ്യമാണ്. അതിനുള്ള വഴികൾ ആധുനിക കാലഘട്ടത്തിൽ ഏറെ വ്യത്യസ്തത പുലർത്തുന്നു. വാക്ക്, പറയുന്നതായാലും രചിക്കുന്നതായാലും, ജീവൻ ത്യജിക്കാനും എടുക്കാനും കഴിയുന്നത്ര ശക്തമാണ്. വായനക്കാരായ ഏതൊരാളുടെയും മനസ്സിനെ ജ്വലിപ്പിക്കാൻ കഴിയുന്നതായിരിക്കണം ഏതൊരു രചനയും. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം നേരായ പാതയിൽ നിന്ന് തെന്നി നീങ്ങാനുള്ള സാധ്യത ഏറെയാണ്. തെറ്റായ പാതയെ മനസ്സിലാക്കി നേർവഴിയിൽ സഞ്ചരിക്കാനുള്ള അറിവ് സമ്പാധിക്കുക എന്നത് മഹത്തായ കാര്യമാണ്. ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം ശരിയായ വിധത്തിലല്ല, എങ്കിൽ അത് വിദ്യാർത്ഥികൾക്ക് ഏറെ ദോഷം ചെയ്യും. ഗുണപരമായ വിദ്യാഭ്യാസം നേടുക വഴി വിദ്യാർത്ഥികളുടെ വികലമായ മനോഭാവങ്ങളും മറ്റും നേർവഴിക്ക് കൊണ്ടുവരാൻ സാധിക്കും. പൊതുവിദ്യാഭ്യാസത്തിൽ ഇന്ന് ‘ഹൈടെക്ക്'വിദ്യാഭ്യാസ രീതിയാണ് പിൻതുടരുന്നത്. ഓരോ സ്കൂളിലും പ്രവർത്തിക്കുന്ന ‘LITTLE KITES’യൂണിറ്റുകൾ വഴി കുട്ടികൾ ക്ക് മനോഹരമായ രീതിയിൽ പഠിക്കാനും കൂട്ടുകാരെ പഠനത്തിൽ സഹായിക്കാനും സാധിക്കുന്നു. ക്ലാസുകളിൽ അധ്യാപകർക്ക് കൈത്താങ്ങായി, ഒഴിവു സമയങ്ങളിൽ കുട്ടുക്കാർക്ക് പ്രോത്സാഹനമായി, നന്മ ലക്ഷ്യമാക്കിയുള്ളതാവട്ടെ നമ്മുടെ വിദ്യാഭ്യാസം

സ്നേഹപൂർവ്വം

എഡിറ്റർ

# Editorial Board

## Members

Arshal..................Editor

Abhishek.............Sub Editor

-Sandra mary-

-Sooryagayathri-

-Ameesha-

-Asma-

Jaimole Thomas.........LK Mistress

Reeja Varghese.......LK Mistress

Technical support......Ivin Shiji

# പീലി വിടരുമ്പോൾ

ആശംസ..........സജി തോമസ് പി
ഹൈടെക്ക് ക്ലാസ്.........അലൻ മരിയ ജസ്റ്റിൻ
ശ്രീനാരായണ ഗുരു...........ആൻലിയ തോമസ്
മഴക്കാഴ്ച..........ബദരിയ റസാഖ്
മറഞ്ഞുപോയ സൂര്യൻ............സൂര്യ ഗായത്രി
മണ്ണും നിഷേധിച്ച്..........
ശില്പം...........ആദർശ് ബാബു
Life is tough...........Sandra Sunil
Ninety nine..........Akhila Shajan
ഗാന്ധിജി..................അലൻ ബെന്നി
കാത്തിരിപ്പിന്റെ കണ്ണീര്....................അമീഷ എ എസ്
വിടപറയുമ്പോൾ......................ആഗ്നസ് ഇമ്മാനുവൽ

# ആശംസ

വിവര സാങ്കേതികവിദ്യ ഇന്ന് ലോകത്തെ അതിവേഗത്തിൽ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. അറിവ് വിരൽത്തുമ്പിൽ നിൽക്കുന്ന അനുഭവമാണ് ഇത് സൃഷ്ടിച്ചിരിക്കുന്നത്. എല്ലാവർക്കും അറിവിൻെറ വിശാലലോകം സ്വന്തമാക്കുവാൻ സാങ്കേതിക പുരോഗതി ഉപയുക്തമാണ്. അങ്ങനെ ഒരു നാടിന് സാംസ്കാരികമായ മുന്നേറ്റം കരഗതമാകുന്നു.

നല്ല ഗ്രന്ഥങ്ങൾ നമ്മെ ഉത്തമവും വിശ്വസ്തവും സത്യസന്ധവുമായ മാർഗത്തിലേക്കു നയിക്കുന്നു,പക്വതയുള്ള മനസ്സിൻെറ ഉടമകളാക്കി മാറ്റുന്നു.നെല്ലിപ്പൊയിൽ സെൻ്റ ജോൺസ് ഹൈസ്കൂളിലെ മിടുക്കരായ വിദ്യാർത്ഥികൾ ചിട്ടപ്പെടുത്തി പ്രകാശനം ചെയ്യുന്ന **മയിൽപ്പീലി**

എന്ന ഡിജിറ്റൽ മാഗസിൻ അറിവിൻെറ ലോകത്തേക്കുള്ള നവീനമായൊരു ചുവടുവെപ്പാണ്.


ഇതിൻെറ പ്രസിദ്ധീകരണത്തിനായി പ്രയത്നിച്ച എഡിറ്റോറിയൽ ബോർഡിനെയും കടലാസിൻെറ സഹായമില്ലാതെ തയ്യാറാക്കാൻ മുന്നിട്ടിറങ്ങിയ ലിറ്റിൽ കൈറ്റ്സ് പ്രതിഭകളെയും സഹായിച്ച അധ്യാപകരെയും അഭിനന്ദിക്കുന്നു. കുട്ടികളുടെ മികവുകളും നൈപുണികളും തിരിച്ചറിയാനുള്ള ഉപാധിയായി പ്രയോജനപ്പെടാൻ മയിൽപീലിക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

സജി തോമസ് പി.

ഹെഡ്മാസ്റ്റർ

# ഹൈടെക് ക്ലാസ് മുറികളുടെ പ്രാധാന്യം




നിരവധി പ്രയോജനങ്ങളുള്ള ഡിജിറ്റൽ ക്ലാസ്റൂം പദ്ധതി ഇന്ന് പല സ്കൂളുകളിലും നിലവിലുണ്ട്.ഇന്നത്തെ മത്സരാത്മക ലോകത്ത് ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം അനിവാര്യമാണ്. സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം എല്ലാ മേഖലകളെയും ബാധിച്ചു.ഡിജിറ്റൽ/സ്മാർട്ട് ക്ലാസ് മുറികൾ ഒട്ടുമിക്ക സ്കൂളുകളിലും പ്രാവർത്തികമാക്കിവരുന്നു.കുട്ടികളുടെ പഠനം,ആശയവിനിമയം എന്നിവ വളർത്തിയെടുക്കാൻ രൂപീകരിച്ചതാണ് 'സാങ്കേതികവിദ്യ പ്രാപ്തമാക്കിയ'ഡിജിറ്റൽ ക്ലാസ്മുറികൾ.

- **പഠനം ലളിതമാക്കുന്നു**

വീഡിയോയിലൂടെയും ചിത്രങ്ങളിലൂടെയം കണ്ടും കേട്ടും പഠിക്കുന്നത് മനസ്സിൽ പതിയും.അവരുടെ ശ്രദ്ധ ആകർഷിക്കും.

- **പഠനത്തിലെ സംവേദനം,ഇന്റർനെറ്റ്**


  എല്ലാ വിഷയങ്ങളുടെയും വിശദമായ വിവരം ശേഖരിക്കാനും മനസിലാക്കാനും സാധിക്കും.വിക്കിപീഡിയ,വിദ്യാഭ്യാസ വെബ്സൈറ്റ്,എൻസൈക്ലോപീഡിയ തുടങ്ങിയ നിരവധി വെബ്സൈറ്റുകൾ കുട്ടികൾക്ക് ഉപകാരപ്രദമാക്കുന്നു.

ടെക്നോളജിയുടെ വളർച്ച നമ്മുടെ പഠനത്തെ സഹായിക്കുന്നു. ദിക്ഷ,സമഗ്ര തുടങ്ങിയ ആപ്പുകൾ പഠനത്തിന്റെ മാറ്റ് കൂട്ടുന്നു.ഇത്തരം ടെക്നോളജികൾ പഠനത്തെ വ്യത്യസ്തമായ ഒരു നിലവാരത്തിലേക്കുയർത്തും.

SAMAGRA

*Alan mariya jestine*

# ശ്രീനാരായണ ഗുരുവിന്റെ ഗുരുസ്മൃതികൾ



ഭാരതത്തിന്റെ ഉന്നമനത്തിനായി പ്രയത്നിച്ച യതിവര്യനും യോഗിയുമായിരുന്നു,അദ്ദേഹം. മറ്റ് സന്യാസിമാരെ പോലെ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തിരംഗത്തു നിന്ന് നിവൃത്തനായില്ല മനുഷ്യജ്ഞാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകൻ; സർ-വലൗകികത്വം ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്. വിദ്യാഭ്യാസം,വ്യവസായം,സംഘടന,ജീവിതശുദ്ധി എന്നിവക്ക് പ്രഥമസ്ഥാനം നൽകുകയും, അധഃസ്ഥിത സമുദായങ്ങൾക്ക് വേണ്ടതെന്ന് ഗുരു ഉദ്ബോധിപ്പിച്ചിരുന്നു. ശ്രീനാരായണ ഗുരുവിന്റെ പ്രധാന ലക്ഷ്യം- "അധകൃതവർഗ്ഗോദ്ധാരണം" അന്ധകാരജീവിതത്തിൽ ആണ്ടുപോയ മനുഷ്യരെ വിദ്യാഭ്യാസം നൽകി സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കാൻ പരിശ്രമിച്ചു. ജ്ഞാതി പിശാചിനെ ഉച്ചാടനം ചെയ്യാൻ കേരളീയ സമൂഹത്തെ പഠിപ്പിച്ച ഏക ഗുരുനാഥനും ജ്ഞ്ഞാനസിദ്ധനും, കർ-മ്മസിദ്ധനുമായ യോഗിയെന്ന് വിശേഷിപ്പിക്കാം. എല്ലാ മതത്തെയും ഒരുപോലെ കാണുകയും മനുഷ്യന്റെ ജ്ഞാതിയെ പ്രതി മനുഷ്യരെ അകറ്റാതിരിക്കുകയും ചെയ്ത മഹാപുരുഷൻ. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന് ഗുരു പഠിപ്പിക്കുന്നു

-ആൻലിയ തോമസ്
10-A

# മഴക്കാഴ്ച




**അ**വൾ ആകാംക്ഷയോടെ പുറത്തേക്ക് നോക്കി നിന്നു.പടിക്കാൽ പിടിച്ചവൾ ഏന്തിനോക്കുകയായിരുന്നു. മാനം ഇരുണ്ടു തുടങ്ങുന്നു. ഇടി മുഴക്ക ശബ്ദം അവളുടെ ചെവിയിൽ ആഞ്ഞു മുഴങ്ങുകയാണ്. കരയാൻ വെമ്പി നിൽക്കുന്ന വിണ്ണിലേക്ക് അവളുടെ ഇരു മിഴികളും പാളി വീണു. മഴത്തുള്ളികൾ ഓരോന്നായി ഭൂമിയിലേക്ക് പതിച്ചു. സന്തോഷം കൊണ്ട് അവളുടെ ഉള്ളം തുടിച്ചു. വർഷങ്ങളായി കാണാൻ കാത്തിരുന്ന കാഴ്ച അവൾ കൺകുളിർക്കെ കണ്ടു. നാലു വർഷം മുമ്പ് വിദേശത്ത് പോകുമ്പോൾ അവൾ ഓർത്തിരുന്നില്ല തനിക്ക് പ്രിയപ്പെട്ട കാഴ്ച കാണാൻ ഇതുവരെ കാത്തിരിക്കേണ്ടിവരുമെന്ന്. അവൾ മെല്ലെ പുറത്തേക്കിറങ്ങി. മഴത്തുള്ളികൾ അവളെ പുണർന്നു. അവൾ ആനന്ദത്തിൽ മതിമറന്നു. മഴയുടെ ഓരോ തുള്ളികളും അവളെ കൂടുതൽ സന്തോഷത്തിലേക്കാക്കികൊണ്ടിരുന്നു.

Badariya Rasaque

# മറഞ്ഞുപോയ സൂര്യൻ

ഒത്തിരി സ്നേഹം തന്നെന്റെ അച്ഛൻ
ഒത്തിരി കാലം
കൂടെയില്ലല്ലോ
എന്നെ വിട്ടു പോയി
മറഞ്ഞല്ലോ അച്ഛൻ
എൻ സ്നേഹം പൂർ
ണമാകും മുമ്പേ പോയി  മറഞ്ഞു
ഇനി എനിക്കുകൂട്ട് എൻ



അമ്മ മാത്രം
തളരില്ല ഞാൻ എന്റെ ജീവിതത്തിൽ
അച്ഛൻ തൻ സ്നേഹം എൻ കൂടെയുണ്ട്
അതു മാത്രം മതിയെൻ ജീവിതം മുഴുവൻ
അച്ഛൻ തൻ കരങ്ങളിൽ ഭദ്രമായിരുന്നു  ഞാൻ
ജീവനായിരുന്നു എനിക്ക് എന്റെ അച്ഛൻ
വാത്സല്യമേറും മൊഴികളാൽ എന്നെ
സന്തുഷ്ടയാക്കി എൻ അച്ഛൻ
മൊഴിമുത്തുകളാൽ എന്നെ നേർവഴിക്കു
നടത്തിയെൻ അച്ഛൻ
എൻ വിജയങ്ങൾക്കു പിന്നിൽ അച്ഛൻ
മാത്രമായിരുന്നു എൻെറ കൂടെ
എന്തിനെൻ അച്ഛൻ എന്നെ വിട്ടു പോയി
ഇനിയെനിക്കാ സൂര്യനെ കാണുവാൻ

ആകുമോ ?...

*SOORYA GAYATHRI*

# മണ്ണും നിഷേധിച്ച്



ശരീരം അടങ്ങുമ്പോൾ ഉണരുന്നതും

ശരീരം മടങ്ങുമ്പോൾ  ഉറങ്ങുന്നതും

ശീലമാക്കിയ ശാപശില

വിജനമായി മൂകമായി

വീണ്ടുമൊരമ്മയെ തേടി കിടക്കുന്ന

കഴിച്ചുതീർത്ത ഭ്രൂതകാലമെല്ലാം മായയെന്ന

കഴിച്ചുകൂട്ടി നിശ്ചലമായി ആ അമ്മ

മെഴുകുതിരിപോൽ ഉരുകി ഒടുങ്ങി

ഇരുളറയിൽ ഫോൺവെട്ടത്തിൽ

വെറുതെ വിരലോടിക്കവെ

കാലത്തിനൊപ്പം എത്താൻ കിതക്കുന്ന മകൻ

ആ പടം കണ്ടു നടുങ്ങി നിന്നു

കൂട്ടത്തിലവൻ വായിച്ചു

"ഉറുമ്പിനറിയാം അമ്മതൻ മാധുര്യം"-

**അലിറ്റസ മരിയ ഷാജി X A**

# ശിൽപം

ഇത്തിരി മണ്ണു കുടഞ്ഞെടുത്ത്

ഇത്തിരി

വെള്ളമൊഴിച്ചെടുത്ത്

നന്നായ് കുഴച്ചു പതം

വരുത്തി




നന്നെന്നു തോന്നുന്ന രൂപമാക്കി

ശില്പം മെനഞ്ഞു മിനുമിനുക്കി

മുറ്റത്തു വച്ചു രസിച്ചോള്ളൂ

ഞങ്ങൾ മെനഞ്ഞൊരാ ശില്പത്തിൽ

നിങ്ങളെത്തന്നെ ഞാൻ കാണുന്നു

ഉള്ളിലെ സ്നേഹവും നന്മയും ജ്ഞാനവും

ഉണ്മയായ് സൃഷ്ടിയിൽ ചേരുന്നു !

ആദർശ് ബാബു

# Life is Tough

Life is tough that's what they say,




But they don't know what it's like everyday,
To wake in the morning and go to school,
Just so people can test you and prove you're a fool,
The teachers says you obviously didn't try
But they don't know you go to your room and try,
You did put in effort, you did your part,
They just don't understand you're not smart,
Then comes the pressure from[i]
your Mom and Dad
Who are so clearly disappointed

that, your grades are bad,
you are punished and picked on
for the Rest of the year,
Because you finally gave upon
the future career,
To my family, I'm failure, and
I'm a failure to myself,
Everyone's high expectations only
damaged my metal health
If I ever have kids I will
always try to make sure the fear,
of failure is not the reason  they ever cry
People need to understand school's
no longer, fun,or good,
"Cause some of us don't fit in,
although we wish He could"

-Sandra Sunil

-X  A

# Ninety nine






Once there was a king in a country named Serantes in California named Cesar. The king was so honest to his duties. he thought of a peaceful and rejoicing kingdom. But the king was sad about his own life, because he couldn't maintain a good relationship between the Queen.The chief commander of the kings court was making rebellion in his town.

One day he was walking through the courtyard ,he heard of a sound of laughter and rejoice from a hut near the Palace."I the king is very disappointed ,how can they will be happy". he called his minister and asked him about this matter, then the minister said,"my lord, I want ninety nine coins for it" the king gave him the coin he asked .the minister threwed the coin infront of that hut. The next morning the door of the hut was open and saw a bundle of gold coins. They took that and said "how great god is",they started to count 1,2,3,4,5,6..........96,97,98,99. if god want to give us the money he will give 100 coins straight." it is not a problem. we can earn 100 coins said the husband to wife they started to do job for

money. But the plan they thought was not done so they started quarrel each other. Wife blames husband that he spend more today and vise versa . So they lost their happiness

After one month the king was walking through the courtyard . He heard the sound of quarrelling and shouting from the same hut. The king called the minister and asked him "what happened to them? The minister calmly replied that they felled in the trap of "ninety nine" not only them we also felled in the same trap. They all thought that happiness is an external object. That we get only for a day. That is early ones theory. In this theory years will past but they don't know that it is a wrong theory everyone is thinking that, what we have today is not enough. It is everyone's problem. Everyone thinks that "what we have is worst and what we see is nice" by hearing this the king understood the problem in his life.

After a month, the kingdom was completely changed ,that of before the kingdom was fulfilled with peace and happiness

-Akhila shajan-

-8-A-

# ഗാന്ധിജി



ഗാന്ധിജിയെന്നാലാരമ്മേ?

ഗാന്ധിജി  രാഷ്ട്രപിതാവല്ലോ..

അടിമത്തത്തിന്നെതിരായി-

ട്ടായുധമില്ലാതെ പോരാടി

ഭാരതനാടിൻ സ്വാതന്ത്ര്യം

നേടിയതാരെന്നറിയില്ലേ?

ഗാന്ധിജിയാണതു പൊന്മകനേ..

ശാന്തി നമ്മുക്കു പകർന്ന മഹാൻ

ALAN BENNY

VIII D

-

# കാത്തിരിപ്പിന്റെ കണ്ണീര്

നീണ്ട വർഷങ്ങളുടെ പ്രാർഥനയ്ക്കും കാത്തിരിപ്പിനും ഒടുവിൽ രവിയ്ക്കും ഗീതയ്ക്കും ഉണ്ടായ മകളാണ് മാളവിക.അവരുടെ സ്വന്തം മാളു.അച്ഛന്റെയും അമ്മയുടെയും പുന്നാര മാളു. അവൾക്കും അങ്ങനെതന്നെയായിരുന്നു.അച്ഛനും അമ്മയുമായിരുന്നു അവളുടെ ലോകം. സ്നേഹിക്കാൻ മാത്രമറിയാമായിരുന്ന അവരുടെ ഇടയിൽ നിറയെ സ്നേഹം കൊണ്ട് അവൾ വളർന്നു.ഒരു കിളി തന്റെ കുഞ്ഞിനെ എങ്ങനെ പരിചരിക്കുന്നുവോ അതുപോലെ അതിനേക്കാൾ ഉപരി അവർ മാളുവിനെ നോക്കി.അച്ഛനായിരുന്നു അവളുടെ കളിക്കൂട്ടുകാരൻ.എന്തിനും ഏതിനും അച്ഛൻ മാത്രം മതി. അതിൽ അമ്മയ്ക്കു ചെറിയ ഒരു അസൂയയും ഉണ്ടായിരുന്നു.മാളുവിനു നൃത്തം വളരെ ഇഷ്ടമായിരുന്നു.



സ്ക്രൂളിലെ നർത്തകിയായിരുന്ന അവൾ അതിനോടൊപ്പം തന്നെ പഠനവും സംരക്ഷിച്ചിരുന്നു.
ഒരു ദിവസം ഒരു തപാൽ ഉദ്യോഗസ്ഥൻ രവിയ്ക്ക് ഒരു കത്ത് നൽകിയിട്ട് പോയി. മാളു വന്ന് രവിയുടെ അടുത്തിരുന്നിട്ട് 'എന്താണച്ഛാ അത് ?' 'മാളു മോളെ എനിക്ക് ഗൾഫിൽ ഒരു ജോലികിട്ടിയിട്ടുണ്ട്. അതിന് പോകണം. അച്ഛൻ ഇതിനുവേണ്ടി ഇത്രയുംനാൾ കാത്തിരിക്കുകയായിരുന്നു.' 'അമ്മ എവിടെ അമ്മയോട് ഞാൻ ഈ സന്തോഷവാർത്ത പറയട്ടെ'. ഗീതേ.... ഗീതേ.... അത് മാളുവിന് വളരെ വിഷമമായി .തൻെറ അച്ഛൻ തന്നെവിട്ട് ദൂരേക്ക് പോകുന്നത് അവൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. രാത്രി മാളു കരഞ്ഞുകൊണ്ട് അച്ഛൻെറ അടുത്തുപോയിരുന്നു. 'അച്ഛൻ പോവണ്ട ഞങ്ങളിവിടെ ഒറ്റയ്ക്കാണ്. ഞങ്ങളും വരും അച്ഛൻെറ കൂടെ'. 'മാളു നല്ല കുട്ടിയല്ലേ? മോളുടെ ഭാഗ്യം കൊണ്ട് കിട്ടിയതാണ് ഈ ജോലി .മാളുവിനു പഠിക്കേണ്ടേ? വലിയ ഒരാളാകേണ്ടേ? അതിന് പണം വേണം. നിറയെ പണം. പൈസകിട്ടിയാൽ അച്ഛൻ ഓടിവരും മാളുവിൻെറ അടുത്തേക്ക്.'
അങ്ങനെ ആ ദിവസം വന്നു.രവിയെ യാത്ര അയ്ക്കുമ്പോൾ മാളു പൊട്ടിക്കരഞ്ഞു. അതുകണ്ട് രവിയ്ക്കും സങ്കടം

അടക്കാൻ കഴിഞ്ഞില്ല. കരഞ്ഞുകൊണ്ടാണ് അവർ രണ്ടു പേരും വേർപിരിഞ്ഞത്. എന്നും രാത്രി മാളു അച്ഛനെ വിളിക്കും . അച്ഛനെ വിളിച്ചതിനു ശേഷമേ അവൾ ഉറങ്ങു. അതും അച്ഛൻെറ ഫോട്ടോ ചേർത്തുപിടിച്ച് .പിന്നെ അത് അവളുടേയും അമ്മയുടെയും ലോകമായി. അവർ രണ്ടുപേരും ആടിപ്പാടി. അത് ഒരു സ്വർഗമായയി. ആ സ്വർഗത്തെ നോക്കി അസൂയപ്പെടാത്തതായി ആരുമില്ല.അങ്ങനെ വാർത്ത വന്നു . മാളുവിൻെറ അച്ഛൻ ഉടനെതന്നെ നാട്ടിലേക്കു വരുന്നു. മാളുവിനു സന്തോഷമായി. അവർ അച്ഛനെ സ്വീകരിക്കാൻ ഒരുക്കങ്ങൾ തുടങ്ങി. മാളുവിൻെറ സമ്മാനങ്ങൾ അവൾ നിരത്തി വച്ചു. അച്ഛനെ കാണിക്കാൻ.അവൾ എന്നും അച്ഛനെ കാത്ത് വരാന്തയിൽ ഇരുന്നു. ഒരു ദിവസം വണ്ടിയുടെ ശബ്ദംകേട്ടു,അവൾ ജനലിലൂടെ പുറത്തേക്കു നോക്കി . അത് മാളുവിനെ തളർത്തി. അപകടം പറ്റി മരിച്ച അവളുടെ അച്ഛൻെറ ശരീരം വരാന്തയിൽ വച്ചപ്പോൾ പൊട്ടികരഞ്ഞുകൊണ്ട് അമ്മ അവിടെ വീണു. എന്തു ചെയ്യണമെന്നറിയാതെ മാളു അവിടെ ഇരുന്നു. അച്ഛൻെറ ഫോട്ടോയും കെട്ടിപിടിച്ച്. ആ കാത്തിരിപ്പ് കണ്ണീരിൽ അവസാനിച്ചു.മാളുവിൻെറ കണ്ണീരിൽ..... -.*AMEESHA A.S*

# സ്കൂൾ കാലഘട്ടത്തോട് വിടപറയുമ്പോൾ

വിദ്യാലയത്തിനോട് വിട പറയുമ്പോൾ മനസ്സിൽ വല്ലാത്തൊരു ഏകാന്തത അനുഭവപ്പെടുന്നു. വീടുപോലെ തന്നെ നമ്മളേറ്റവും കൂടുതൽ ചിലവഴിച്ചത് നമ്മുടെ സ്കൂളിൽ തന്നെയാണ്. എല്ലാവരും പരസ്പരം




ഒത്തൊരുമയോടും,സ്നേഹത്തോടും കൂടെ അറിവും വിജ്ഞാനവും, കൂടാതെ കൊച്ചുകൊച്ചു തമാശകളും,സങ്കടങ്ങളും,സന്തോഷങ്ങളും പങ്കുവച്ചനാളുകൾ. ഇനിയുള്ള നാളുകളേ പറ്റി ചിന്തിക്കാനേ വയ്യ. സ്കൂൾ കാലഘട്ടം എന്നുപറയുന്നത് നിറഭേദങ്ങൾ പോലെ തന്നെയാണ് ,ഓരോ ദിവസവും ഓരോ ഓർമ്മകളും അനുഭവങ്ങളുമായി കടന്നുപോകുന്നു. എല്ലാം ഒറ്റ ദിവസംകൊണ്ട് ഇല്ലാതായതുപോലെ. എല്ലാവരും പറയുന്നതുപോലെ നമ്മൾ ഇത്രയും നാൾ ഒരേ സീറ്റിൽ,ഒരേ ബസ്സിൽ, ഒരേ സ്ഥലത്തേക്ക് യാത്ര ചെയ്യുന്ന യാത്രക്കാരായിരുന്നു. ഇനിയെല്ലാവരും ഓരോ സ്റ്റോപ്പിലിറങ്ങി വ്യത്യസ്ത സ്ഥലങ്ങളില്ലേക്ക്

യാത്ര ചെയ്യുകയാണ്. എല്ലാവരുടെയും മനസ്സിൽ സ്കൂൾ കാലഘട്ടം ഒരു നൊമ്പരമായി മാറുകയാണ് ഒത്തിരിയൊത്തിരി ഓർമ്മകളുമായാണ് നാം സ്കൂൾ കാലഘട്ടത്തോട് വിടപറയുന്നത്. പെട്ടെന്ന് ആളിക്കത്തി അണഞ്ഞുപോയ അഗ്നിപോലെ..... ആകാശത്തിൽ നിന്ന് പൊടിയുന്ന മഴത്തുള്ളികൾ തേഞ്ഞുമാഞ്ഞുപോയതുപോലെ ഓർമ്മകളും,കൂട്ടുകാരുമൊത്ത് കളിച്ചതും ചിരിച്ചതുംമെല്ലാം പെട്ടെന്ന് അണഞ്ഞുപോയതുപോലെ. പറഞ്ഞറിയിക്കാനാവാത്തത്രയും ഓർമ്മകളുടെ സ്കൂൾ കാലഘട്ടമാണ് നമ്മുക്ക് മുൻപിൽ കടന്നുപോയത് നമ്മൾ ഏറ്റവും കൂടുതൽ വേദനിക്കുന്നതും ഈ സ്കൂൾ കാലഘട്ടത്തോടും, അധ്യാപകരോടും, കൂട്ടുകാരോടും വിടപറയുമ്പോയാണ്.......

AGNES EMMANUVEL
-X A

# നന്ദി

എറെ നാളത്തെ കൂട്ടായ പ്രവർത്തനത്തിന്റെയും പരിശ്രമത്തിന്റെയും ഫലം ഇവിടെ തെളിയുകയാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ വിദ്യാർത്ഥികളുടെ ശ്രമഫലമായി ഇതാ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറായിരിക്കുന്നു. ഇതിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും, താളുകൾ തയ്യാറാക്കിയ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

ഞങ്ങൾക്ക് വിലപ്പെട്ട ഉപദേശങ്ങൾ
നൽകിയ പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ സജീ സാറിനും
ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാരായ റീജ ടീച്ചർക്കും ജയ
ടീച്ചർക്കും, സ്കൂൾ ഐ.റ്റി. കോഡിനേറ്റർ വിൻസന്റ്
സാറിനും ഹൃദയപ്പൂർവ്വം നന്ദി അറിയിക്കുന്നു.

സ്നേഹപ്പൂർവ്വം
എഡിറ്റർ